**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3764** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള വികസനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് വിമാനത്താവള റൺവേയുടെ നീളം കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ Runway End Safety Area (RESA) ക്കു വേണ്ടി 14.5 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ഭൂമി വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതാണ്. |
| (സി) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | കോഴിക്കോട് വിമാനത്താവളം ടേബിൾ ടോപ്പ് മാതൃകയിലായതിനാൽ 14.5 ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് റൺവേ വികസിപ്പിക്കുന്നതിലൂടെ വലിയ വിമാനമിറങ്ങുന്നതിന് ഇപ്പോഴുള്ള പ്രയാസം പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ